10

# akpcta journal

1979
FEBRUARY

MONTHLY BULLETIN OF THE ALL-KERALA PRIVATE COLLEGE TEACHERS' ASSOCIATION

akpcta

*in this issue*

0 editorial

0 medium of instruction

0 pay commission report

0 government order

0 news

A. K. P. C. T. A.
JOURNAL
(for private circulation only)

*editorial board*

r. r. c. nair

v narayanankutty

t. gopalakrishnan

g. madhavan nair

n. j. jacob

george onakkur

v. n. murali
(chief editor)

# യു. ജി. സി. സ്കെയിലിനുവേണ്ടി യോജിച്ച സമരം

യു. ജി. സി. സ്കെയിൽ ചോദിച്ച 'കുററ'ത്തിന്, കേരളത്തിലെ കോളേജധ്യാപകരെ ചന്ദ്രഭാനുക്കമ്മീഷൻ റിപ്പോർട്ടുകൊണ്ട് അവഹേളിക്കുകയാണ് കേരള സർക്കാർ ചെയ്തിരിക്കുന്നത്. 1973 മുതൽ കോളേജുകളിൽ നടപ്പിലാക്കണമെന്ന് ഇന്ത്യാഗവൺമെൻറു ശുപാർശ ചെയ്ത യു. ജി. സി. ശമ്പളനിരക്കുകൾ മിക്കവാറും എല്ലാ സംസ്ഥാനങ്ങളും നടപ്പിലാക്കിക്കഴിഞ്ഞു. എന്നുതന്നെയല്ല, ആ ശമ്പളനിരക്കുകൾ പരിഷ്കരിക്കണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം കൽക്കട്ടയിൽ കൂടിയ അയ്ഫക്ടോ (AIFUCTO)യുടെ വാർഷിക സമ്മേളനം പാസ്സാക്കുകയുണ്ടായി. അതിനുവേണ്ടി പാർലമെൻറിനു മുമ്പിൽ പ്രകടനം നടത്താനും തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ കഴിഞ്ഞ അഞ്ചുവർഷമായി നാം കൂട്ടായി ആവശ്യപ്പെട്ടിട്ടും യു. ജി. സി. സ്കെയിൽ നടപ്പിലാക്കാൻ സർക്കാർ തയാറല്ല. അത്യന്തം പ്രതിഷേധാർഹമായ ഒരു നിലപാടാണിതെന്ന് പറയേണ്ടതില്ലല്ലോ.

മെച്ചപ്പെട്ട വേതനം എന്ന നിലയ്ക്കു മാത്രമല്ല നാം യു. ജി. സി. ശമ്പളനിരക്കുകൾ ആവശ്യപ്പെടുന്നത്. ഇന്ത്യയിലാകമാനമുള്ള കോളേജധ്യാപകരുടെ പൊതുവായ ശമ്പളഘടനയിൽ നാം കൂടി ഉൾപ്പെടുന്നുവെന്നത് പ്രധാനപ്പെട്ട കാര്യമാണ്. കോളേജധ്യാപകരുടെ ജോലിയുടെ സ്വഭാവവും, സാമ്പത്തിക-സാമൂഹ്യബന്ധങ്ങളും മററും പരിഗണിച്ച് ശാസ്ത്രീയമായി നിർണ്ണയിക്കപ്പെട്ടതാണ് യു. ജി. സി. ശമ്പളനിരക്കുകൾ. അതിവിടെയും നടപ്പാക്കണമെന്ന നമ്മുടെ ആവശ്യം ഗവൺമെൻറ് തള്ളിക്കളഞ്ഞത്, സ്റേറ

ററിലെ ശമ്പളഘടനയ്ക്ക് തകരാറ് സംഭവി
ക്കുമെന്നു പറഞ്ഞുകൊണ്ടാണ്. യു. ജി.
സി. ശമ്പളനിരക്കുകൾ നടപ്പാക്കിയാൽ നമ്മോ
ടൊപ്പം ശമ്പളം വാങ്ങുന്ന മററു ചില വിഭാ
ഗക്കാരും ശമ്പളവർദ്ധനവ് ആവശ്യപ്പെടുമെ
ന്നും സർക്കാർ അവർക്കുവേണ്ടി നമ്മോടു പറ
ഞ്ഞു. എന്നാൽ ചന്ദ്രഭാനുക്കമ്മീഷൻ ശുപാർ
ശചെയ്ത ശമ്പളപരിഷ്കാരമനുസരിച്ച്
നമ്മോടൊപ്പമുണ്ടായിരുന്ന ചിലരെയെങ്കിലും
ഉയർത്തിക്കെട്ടിയിട്ടുള്ളതായിക്കാണാം. ശമ്പള
ഘടന അവർക്കുവേണ്ടി അഴിച്ചുപണിയുന്ന
തിൽ സർക്കാർ കുഴപ്പം കാണുന്നില്ല!

'78 ലെ ശമ്പള പരിഷ്കാരം നാം നിരാകരിച്ചിരിക്കയാണ്. മററുള്ള ജീവനക്കാർക്കെന്നപോലെ നമുക്കും പുതുക്കിയ നിരക്കുകൾ ഒട്ടും തൃപ്തികരമല്ല. 27% ഡി. എ. കൂട്ടിച്ചേർത്ത് ഊതി വീർപ്പിച്ചുണ്ടാക്കിയ പുതിയ നിരക്കുകൾ പലതരത്തിലും നമ്മെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇംക്രിമെൻറിൻെറ ഫലമായുണ്ടാകുന്ന വർദ്ധനവിൽ കുറവു സംഭവിക്കുക, സ്കെയിലിൻെറ മാക്സിമത്തിൽ എത്തിനില്ക്കുന്നു കാരണം സ്ററാഗ്നേഷൻ അനുഭവപ്പെടുക, ശമ്പള നിർണ്ണയ സമയത്തുകിട്ടുന്ന തുക 5 വർഷം കൊണ്ടു കുറേശ്ശെ തിരികെ പിടിക്കുക എന്നിങ്ങനെ പലവിധത്തിൽ നമുക്കു നഷ്ടം ഉണ്ടായിട്ടുണ്ട്. എടുത്തുപറയേണ്ട മറെറാന്ന് ഫിസിക്കൽ എഡ്യൂക്കേഷൻകാരുടെ കാര്യത്തിലുള്ള തരം താഴ്ത്തലാണ്. ചുരുക്കത്തിൽ സംസ്ഥാന ശമ്പളഘടനയിൽ നിന്നും മാററി അഖിലേന്ത്യാതലത്തിലുള്ള ശമ്പള ഘടനയിൽ ഉൾപ്പെടുത്തണമെന്നു് നാം ആവശ്യപ്പെട്ടപ്പോൾ, സംസ്ഥാന ശമ്പളഘടനയിൽത്തന്നെ നമ്മെ തരം താഴ്ത്തി അവഹേളിക്കുകയും സാമ്പത്തികമായി നഷ്ടം വരുത്തുകയും ചെയ്തിരിക്കുന്നു എന്നതാണ് വസ്തുത

ഇന്നിപ്പോൾ നമ്മൾ ഒറ്റയ്ക്കല്ല '78 ലെ ശമ്പള പരിഷ്ക്കാരം നിരാകരിച്ച സംസ്ഥാനത്തിലെ പ്രൈവററും ഗവൺമെൻറും മേഖലകളിൽ ജോലി ചെയ്യുന്ന 53ൽ പരം സർവ്വീസ് സംഘടനകൾ നമ്മോടൊപ്പമുണ്ട്. ഡൈസ്നോൺ പിൻവലിക്കുക. ആവശ്യാധിഷ്ഠിത മിനിമം വേതനം നടപ്പിലാക്കുക, ശമ്പളം ശാസ്ത്രീയമായി പുനർനിർണ്ണയം ചെയ്യുക, കേന്ദ്രനിരക്കിലുള്ള ഡി. എ. നടപ്പിലാക്കുക, എന്നീ ആവശ്യങ്ങളോടൊപ്പം കോളേജധ്യാപകർക്ക് യു. ജി. സി. ശമ്പളനിരക്കുകൾ നൽകുക എന്നതും പൊതുവായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഒരു ദിവസത്തെ ജോലി ചെയ്തില്ലെങ്കിൽ 60 ദിവസത്തെ ശമ്പളം നഷ്ടപ്പെടുമെന്ന കാടൻ നിയമം മാററിയെടുക്കുന്നതിന് ഡൈസ് നോൺ എന്ന സമ്പ്രദായം തന്നെ ഇല്ലാതാവന്നുത് പ്രയോജനപ്രദമാവും.

സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വരുന്ന സർവ്വീസ് സംഘടനകളുമായിച്ചേർന്ന് യു ജി സി. ശമ്പളനിരക്കുകൾക്കുവേണ്ടി പണിമുടക്കുൾപ്പടെയുള്ള സമരപരിപാടികൾ നടത്തണമെന്ന് നാം തീരുമാനിച്ചുകഴിഞ്ഞു. ജീവനക്കാരുടെ സംഘടിത ശക്തിക്കുമുമ്പിൽ കേരള സർക്കാരിന് വഴങ്ങേണ്ടിവരുമെന്ന കാര്യം തീർച്ചയാണ്. കോളേജധ്യാപകർക്ക് യു. ജി. സി. സ്കെയിൽ നൽകിയാൽ സ്റേററ് പേ സ്ട്രക്ച്ചർ തകരാറിലാകുമെന മുടന്തൻ ന്യായം ഇനിയും സർക്കാരിന് പറയാൻ പററില്ലല്ലോ. നമ്മെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തെ രണ്ട് ശമ്പളപരിഷ്ക്കാരത്തിനു ശേഷവും 73 ൽ ശുപാർശ ചെയ്യപ്പെട്ട യു. ജി. സി. സ്കെയിലുകളാണ് മെച്ചപ്പെട്ടതെന്ന വസ്തുത പ്രത്യേകം ഓർക്കേണ്ടതുണ്ട്. കേരള സർക്കാർ കേൾക്കാൻ വിസമ്മതിച്ച നമ്മുടെ മുദ്രാവാക്യം ഇപ്പോൾ കേരളമാകെ മുഴങ്ങിനിൽക്കുന്നു: 'കോളേജധ്യാപകർക്ക് യു. ജി. സി. ശമ്പളനിരക്കുകൾനൽകുക.'

# പ്രശ്നങ്ങൾ

നമ്മുടെ ഉന്നത വിദ്യാഭ്യാസരംഗം പ്രശ്നങ്ങൾ കൊണ്ടു നിറഞ്ഞതാണ്. ഈ പ്രശ്നങ്ങളോട്, ഉന്നത വിദ്യാഭ്യാസവുമായി നേരിട്ടുബന്ധപ്പെടുന്ന അധ്യാപകർക്കുള്ള സമീപനമെന്താണ്? തുറന്ന ചർച്ചയ്ക്കുള്ള ഒരു വേദി എ. കെ. പി. സി. ടി. എ. ജേർണൽ ഒരുക്കുന്നു. ആദ്യം ചർച്ചയ്ക്കു വിധേയമാകുന്നത് 'വിദ്യാഭ്യാസ മാധ്യമം' തന്നെ. പ്രസിദ്ധ വിദ്യാഭ്യാസ ചിന്തകനും, സാഹിത്യകാരനുമായ ശ്രീ. തായാട്ട് ശങ്കരൻ ഈ ചർച്ച ഉദ്ഘാടനം ചെയ്തു കൊണ്ട് അദ്ദേഹത്തിന്റെ അഭിപ്രായം വെട്ടിത്തുറന്നു പറഞ്ഞിരിക്കുന്നു. അനുകൂലമായും പ്രതികൂലമായും ധാരാളം വാദമുഖങ്ങൾ അധ്യാപക സുഹൃത്തുക്കൾക്ക് അവതിപ്പിക്കാനുണ്ടാകും. അവയെല്ലാം, തുടർന്നുള്ള ലക്കങ്ങളിൽ പ്രസിദ്ധീകരിക്കാനായി ക്ഷണിക്കുന്നു. ഭിന്നാഭിപ്രായങ്ങളുടെ തുറന്ന സംഘട്ടനമാണ് അസോസിയേഷൻ ആഗ്രഹിക്കുന്നതെന്ന് എടുത്തു പറയട്ടെ.

ലേഖനങ്ങൾ എത്തിച്ചു തരേണ്ട മേൽവിലാസം 18-ാം പേജിൽ കൊടുത്തിട്ടുണ്ട്—എഡിററർ

# വിദ്യാഭ്യാസ മാധ്യമം

## തായാട്ട് ശങ്കരൻ

കുട്ടികൾക്ക് ഏതുഭാഷയിലൂടെയാണ് അറിവ് പകർന്നുകൊടുക്കേണ്ടത് എന്ന ചോദ്യത്തിന് തലയ്ക്കുവെളിവുള്ള ഏതൊരാളും പറയുന്ന ഉത്തരം 'കുട്ടിക്കറിയുന്ന ഭാഷയിൽ' എന്നാവും. ലോകത്തിലെങ്ങുമുള്ള വിദ്യാഭ്യാസ വിദഗ്ദ്ധൻമാരും അവിദഗ്ദ്ധൻമാരും ഇക്കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. ഇതിൽ നിന്നു ഭിന്നമായ ഏതുത്തരവും വിദ്യാഭ്യാസ തത്വത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഉത്തരമാവില്ല. സാഹചര്യങ്ങൾ, നിക്ഷിപ്ത താൽപര്യങ്ങൾ, വിഭാഗീയ പരിഗണനകൾ, താൽക്കാലിക നേട്ടങ്ങൾ, വ്യക്തിഗതമായ സൗകര്യങ്ങൾ, രാഷ്ട്രീയമായ മുതലെടുപ്പുകൾ എന്നിങ്ങനെ പലതും നമ്മുടെ നിഗമനങ്ങളെ സ്വാധീനിച്ചുവെന്നുവരും. എന്നാൽ വെറും വിദ്യാഭ്യാസമൂല്യം മാത്രമാണ് നിങ്ങൾ പരിഗണിക്കുന്നതെങ്കിൽ ഒരു ആശയം കുട്ടി

# സമീപനങ്ങൾ

യ്ക്ക് ഏററവും നന്നായി മനസ്സിലാവുക. ചെയ്തും കണ്ടും പരിചയിച്ചാലാണെന്നും. അതുകഴിഞ്ഞാൽ മാതൃഭാഷയിലൂടെ കേട്ടാലാണെന്നും ഉള്ള കാര്യത്തിൽ രണ്ടഭിപ്രായമുണ്ടാവില്ല. എന്നിരിക്കെ നമ്മുടെ വിദ്യാഭ്യാസത്തിന്റെ മാദ്ധ്യമം ഏതാവണം എന്നത് ഒരു തർക്കവിഷയമായിത്തീർന്നിരിക്കുന്നു! ഇൻഡ്യ കോളനിരാജ്യമായിരുന്ന കാലത്ത് വിദേശഭരണകർത്താക്കൾ അവരുടെ സൗകര്യം നോക്കി ആധിപത്യം ഉറപ്പിക്കുന്നതിന്, അവരുടെ മാതൃഭാഷ നമ്മുടെ ഭരണത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും, മാദ്ധ്യമമാക്കിത്തീർത്തു. ആ ഭരണത്തെ അവസാനിപ്പിച്ചുവെങ്കിലും അതിന്റെ സംവിധാനത്തിൽനിന്നും രക്ഷപ്പെടാൻ നമുക്ക് കഴിയുന്നില്ല. വളരെക്കാലം ചങ്ങലക്കെട്ടിൽ കിടന്ന നായ, കെട്ടഴിച്ചുവിട്ടാലും, ചങ്ങലയുടെ പരിധിക്കുള്ളിൽ ചുററിത്തിരിയും.

ഇൻഡ്യയുടെ സ്വാതന്ത്ര്യം ചെന്നുപതിച്ചത് ഇംഗ്ലീഷുപഠിച്ച പ്രമാണിമാരുടെ കയ്യിലും അവരെ കയററിട്ടുകൊണ്ടുനടന്നത് ബ്രിട്ടീഷ്ഭരണം കറതീർത്തെടുത്ത ബ്യൂറോക്രസിയുമായിരുന്നു. സ്വന്തം കൈയിൽ ഒതുങ്ങിക്കിട്ടിയ അധികാരവും സൗകര്യവും ഉപേക്ഷിക്കുന്നതിന് ബ്യൂറോക്രസി ഒരുക്കമല്ല. അത്രമേൽ സമ്മർദ്ദം ചെലുത്താനുള്ള കരുത്ത് ബഹുജനങ്ങൾ ആർജ്ജിച്ചതുമില്ല. ബഹുജനങ്ങൾ പതുക്കെപ്പതുക്കെ ശക്തിയാർജ്ജിക്കുന്നതിന്നനുസരിച്ച് ബ്യൂറോക്രസിയുടെ പിടി അയഞ്ഞുവരും. ഭരണവും വിജ്ഞാനവും സ്വന്തം ഭാഷയിൽ വേണമെന്ന ബഹുജനാവശ്യം ശക്തിപ്പെട്ടുവരികയും അതിനെ ചെറുക്കാൻ ബ്യൂറോക്രസി സംഘടിതമായി പരിശ്രമിക്കുകയും ചെയ്യുന്നതാണ് ഇന്ന് ആ രംഗത്തിലുയരുന്ന ശബ്ദകോലാഹലത്തിന് കാരണം.

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഇൻഡ്യൻ വിദ്യാഭ്യാസത്തിന്റെ സംവിധാനം എന്തായിരിക്കണം എന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ടു തയ്യാറാക്കിയ വെള്ളക്കാരനായ ജോൺ സാർജ്ജൻറ് മുതൽ സർ. എസ്സ്. രാധാകൃഷ്ണൻ, ഡോ. മുതലിയാർ, ഡോ. കോത്താരിവരെയുള്ള പ്രമാണികരുടെ നേതൃത്വത്തിൽ രൂപം കൊണ്ട വിദ്യാഭ്യാസക്കമ്മീഷനുകളും ഗാന്ധിജി, ടാഗൂർ തുടങ്ങിവിദ്യാഭ്യാസരംഗത്തിൽ സ്വന്തമായ പരീക്ഷണങ്ങൾ നടത്തിയ ദേശീയനേതാക്കൻമാരും വിദ്യാഭ്യാസത്തിന്റെ മാദ്ധ്യമം മാതൃഭാഷയായിരിക്കണം എന്ന് ഏകസ്വരത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാലും അവയൊന്നും നമുക്ക് ഒരു പ്രമാണരേഖയല്ല. ഉപജീവനമാർഗ്ഗം തേടി പല പടികളും മുട്ടി, പലപ്പോഴും പിൻവാതിലിലൂടെ ഉയർന്നസ്ഥാനത്ത് എത്തിച്ചേർന്ന ചില വൈസ്ചാൻസലർമാരടക്കമുള്ള ബ്യൂറോക്രാററുകളാണ് നമ്മുടെ കണ്ണിൽ 'ആധികാരികമായി പറയാൻ' പററിയ വിദ്യാഭ്യാസവിചക്ഷണൻമാർ. അവരുടെ ആധികാരികത്വം അവർ അധികാരത്തിലുണ്ട് എന്നതുമാത്രമാണ്. ലോകത്തിലെങ്ങുമുള്ള ജൂതൻമാർ ചേർന്ന് ഇസ്രായേലിൽ ഒരു രാഷ്ട്രം സ്ഥാപിച്ചപ്പോൾ സർവ്വകലാശാലയിലെ വിദ്യാഭ്യാസമാദ്ധ്യമം ഹീബ്രു ആയിരിക്കണമെന്നു നിർദ്ദേശിച്ചത് എയിൻസ്ററിൻ ആയിരുന്നു. പക്ഷേ നമ്മുടെ കോളേജ് ശാസ്ത്രാദ്ധ്യാപകൻമാർക്ക് ഇംഗ്ലീഷിലൂടെ ശാസ്ത്രം പഠിച്ചില്ലെങ്കിൽ ശാസ്ത്രമാവില്ലെന്നും ലോകവിജ്ഞാനധാരയിൽ നിന്നു നാം ഒററപ്പെട്ടുപോകുമെന്നും ഭയമാണ്.

വിദ്യാഭ്യാസമാദ്ധ്യമം മാതൃഭാഷയിലാവണമെന്നുപറയുന്നത് വിദ്യാഭ്യാസതത്വങ്ങളെ മാത്രം മുൻനിർത്തിയാണ്. അതു പാടില്ലെന്നു പറയുന്നതാവട്ടെ വിദ്യാഭ്യാസേതരമായ പരിഗണനകൾ വെച്ചും. നമുക്ക് ഈ രണ്ടു വാദത്തേയും ഒന്നു വിശകലനം ചെയ്തുനോക്കാം. മാതൃഭാഷ എന്നതിനർത്ഥം കുട്ടി രണ്ടുവയസ്സിനും അഞ്ചു വയസ്സിനും ഇടയിൽ കുടുംബത്തിലെ ഇടപഴകലിലൂടെ സ്വയമാർജ്ജിക്കുന്ന ഭാഷ എന്നാണ്. ഭാഷാപരമായ അടിസ്ഥാനം ഉറയ്ക്കുന്ന പ്രായമാണത്. ആ ഭാഷയിൽ പറഞ്ഞുകൊടുക്കുന്ന കാര്യങ്ങൾ ഭാഷയുടെ തിരശ്ശീലയില്ലാതെ നേരിട്ടു മനസ്സിൽ പതിയുന്നു. അങ്ങനെ പഠി

ക്കുന്ന കാര്യങ്ങൾ ജീവിതസംസ്ക്കാരമായി അലിഞ്ഞു ചേരുന്നു. ഇന്നു ചിലവഴിക്കുന്ന അധ്വാനം കൊണ്ട് ഇന്നത്തെക്കാൾ അധികം കാര്യങ്ങൾ പഠിക്കാൻ വിദ്യാർത്ഥികൾക്കും പഠിപ്പിക്കാൻ അദ്ധ്യാപകൻമാർക്കും സാധിക്കുന്നു. ചോദ്യം ചെയ്യാനും, സ്വതന്ത്രമായി ചിന്തിക്കാനുമുള്ള കഴിവ്, അന്യഭാഷാമാദ്ധ്യമം കുട്ടിയിൽ കെടുത്തിക്കളയുന്നു. അവന്റെ ചിന്ത, വിഷയത്തെക്കുറിച്ചല്ല ഭാഷയെക്കുറിച്ചാണ് എന്നു വരുമ്പോൾ അവനിൽ അന്വേഷണതൃഷ്ണ ഉണരുന്നേയില്ല. ബഹുജനങ്ങൾക്കാണെങ്കിൽ അവർക്ക് അപ്രാപ്യമായ ഒരു ഭാഷയിൽ ആധുനികവിജ്ഞാനം സൂക്ഷിച്ചിരിക്കെ കൊണ്ട് അതിന്റെ ഗുണാംശങ്ങൾ അനുഭവിക്കാൻ കഴിയുന്നുമില്ല. കലാശാലാവിദ്യാഭ്യാസം ലഭിച്ചവരും അല്ലാത്തവരും തമ്മിലുള്ള വിടവ് വർദ്ധിക്കാൻ പ്രധാനകാരണം ജനങ്ങളുടേതല്ലാത്ത ഭാഷ പഠനമാദ്ധ്യമമായതാണ്.

മറിച്ച് ഇംഗ്ലീഷ് തന്നെ മാദ്ധ്യമമായി തുടരണമെന്നു പറയുന്നവരുടെ വാദങ്ങളോ?

1. ഇംഗ്ലീഷ് ലോകഭാഷയാണ്. അത് കൈയൊഴിക്കുന്നതിന്റെ ഫലം ലോകവിജ്ഞാനധാരയിൽ നിന്ന് ഒററപ്പെടലാവും.

2. ശാസ്ത്രപഠനത്തിനാവശ്യമായ പുസ്തകങ്ങളോ സാങ്കേതിക പദങ്ങളോ നമ്മുടെ ഭാഷയിൽ ഇല്ല.

3. മാതൃഭാഷയിലൂടെ പഠിച്ചാൽ വിദേശങ്ങളിൽ ഉപരിപഠനത്തിനു സൗകര്യമാവാതെ പോകും.

4. കേരളത്തിനു പുറത്ത് ജോലി സാദ്ധ്യത ഇല്ലാതായിത്തീരും. മററും മററും.

## ഉത്തരം

1. ഇതിൽ ഒന്നാമത്തെക്കാര്യം ഒരു തെററിദ്ധാരണയിൽ നിന്നുണ്ടായതാണ്. ഇംഗ്ലീഷുഭാഷ ഉന്നത വിദ്യാഭ്യാസത്തിന്റെ ഒരു ഭാഗമായി തുടരണമെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. നമുക്കു സൗകര്യത്തിനു കിട്ടിയ ഒരു ഭാഷ കൈയൊഴിക്കുന്നതു മൗഢ്യമാവും. ലോകത്തിന്റെ ഇതര ഭാഗങ്ങളിൽനിന്ന് അറിവു നേടുന്നതുപോലെ ഇതര ഭാഗങ്ങൾക്ക് നമ്മുടെ അറിവു പകർന്നുകൊടുക്കുന്നതിനും ഇംഗ്ലീഷ് നിലനിന്നേ പററൂ. അതുകൊണ്ടാണ് ലൈബ്രറി ഭാഷയായി, ഉന്നത വിദ്യാഭ്യാസത്തിന്റെ അനുപേക്ഷണീയ ഘടകമായി ഇംഗ്ലീഷ് തുടരണം എന്നു പറയുന്നത്. ഇംഗ്ലീഷ് പഠിക്കുന്നതും ഇംഗ്ലീഷിലൂടെ പഠിക്കുന്നതും രാവും പകലും തമ്മിലുള്ള അന്തരമുണ്ട്. S. S. L. C വരെ ഇന്ന് അനുവർത്തിച്ചുപോരുന്ന അദ്ധ്യയന സമ്പ്രദായം, മാദ്ധ്യമത്തിന്റെ കാര്യത്തിൽ, ഉന്നതതലങ്ങളിൽ കൂടി സംക്രമിപ്പിക്കണം എന്നാണ് ഇപ്പറഞ്ഞതിനർത്ഥം.

2. ശാസ്ത്രപഠനത്തിന്നാവശ്യമായ പുസ്തകങ്ങളും സാങ്കേതിക പദങ്ങളും ഇല്ലാതായിപ്പോയതെന്തുകൊണ്ടാണ്? അതുകണ്ടുപിടിച്ചു പരിഹരിക്കുകയാണ് ഈ തലമുറയുടെ കർത്തവ്യം. അല്ലെങ്കിൽ ഭാവിയിലും എക്കാലവും ഈ ഇല്ലായ്മ നിലനിൽക്കും. വരുന്ന തലമുറയും അതിന്റെ പിന്നിലുള്ള തലമുറകളും ഈ പെരും ചുമട് വഹിക്കേണ്ടിവരും. ശാസ്ത്ര–സാങ്കേതിക വിദ്യാഭ്യാസം മാതൃഭാഷയിൽ അനുവദിക്കാത്തതുകൊണ്ടാണ് അതിനുപററിയ പുസ്തകങ്ങൾ ഉണ്ടാവാതെ പോയത്. ആ കുറവു പരിഹരിക്കാൻ മാതൃഭാഷയിലൂടെ പഠനമാരംഭിക്കുക മാത്രമാണ് പരിഹാരം. സെക്കൻററി വിദ്യാഭ്യാസത്തിന്റെ മാദ്ധ്യമം മാതൃഭാഷയാക്കി മാററിയപ്പോഴും ആദ്യം ഈ പ്രയാസം അനുഭവപ്പെട്ടിരുന്നു. ഇന്ന് അതില്ല. പരിവർത്തന ഘട്ടത്തിൽ വികൃതമായ തർജ്ജമകളും, ആശയ വ്യക്തതയില്ലാത്ത വാക്യങ്ങളും സങ്കീർണ്ണമായ പ്രതിപാദനവും ഉണ്ടായെന്നുവരും. അവയൊക്കെ നമുക്കു തരണം ചെയ്യേണ്ട പ്രയാസങ്ങളാണ്. അല്ലാതെ മാതൃഭാഷയിൽ വിദ്യാഭ്യാസം പാടില്ലെന്നു പറയാനുള്ള കാരണമല്ല. ആയുർവേദം പോലെ പുഷ്ടിപ്പെട്ട വൈദ്യശാസ്ത്രം വളർന്നുവന്നരാജ്യത്തിലെ ഭാഷയ്ക്ക് ആധുനിക

വൈദ്യശാസ്ത്രം ഉൾക്കൊള്ളാൻ കഴിയില്ലെന്നു പറയുന്നത് മൗഢ്യമാണ്. നൂററാണ്ടുകൾക്കു മുമ്പ് ജ്യോതിർഗ്ഗണിതവും ട്രിഗ്നോമെട്രിയും, രസതന്ത്രവും കൈകാര്യം ചെയ്ത ഈ നാട്ടുകാരുടെ ഭാഷയ്ക്കു് ആധുനിക ഗണിതശാസ്ത്രം കൈകാര്യം ചെയ്യാൻ പററില്ലെന്നു പറയുന്നത് ശരിയല്ല. ശാസ്ത്രം പഠിക്കാൻ മേധാശക്തിയുള്ള മലയാളിക്ക് അത് അവൻെറ ഭാഷയിൽ വിവരിക്കാൻ കഴിവുണ്ടാവില്ലെന്നു ശഠിക്കുന്നതും ശരിയല്ല. ഉപയോഗമില്ലാത്ത അവയവങ്ങളുടെ മാംസപേശി വികസിക്കില്ല ഭാഷയ്ക്കും പററിയത് അതുതന്നെ. ഉപയോഗിച്ചു തുടങ്ങുകതന്നെയാണ് പരിഹാരം.

3. ഒരു കൊല്ലത്തിൽ ഉപരിപഠനത്തിനു വിദേശങ്ങളിലേക്കു പോകുന്നത് പത്തോ അമ്പതോ കുട്ടികളാണ്. അവരുടെ സൗകര്യം മുൻനിർത്തി വേണം ലക്ഷക്കണക്കിനു കുട്ടികളുടെ വിദ്യാഭ്യാസമാദ്ധ്യമം നിർണ്ണയിക്കുന്നത് എന്നു ശഠിക്കുന്നതിൽ എന്തു യുക്തിയാണുള്ളത്? ഇങ്ങനെ പോകുന്നവരിൽത്തന്നെ ജർമ്മനി, ഫ്രാൻസ്, റഷ്യ തുടങ്ങിയ രാജ്യങ്ങളിൽ പോകുന്നവർക്ക് ഇംഗ്ലീഷ്മാദ്ധ്യമം കൊണ്ട് ഉപയോഗമില്ല. ഇന്നവർ ചെയ്യുന്നതെന്തോ അതുതന്നെയാവും നമ്മുടെ പഠനമാദ്ധ്യമം മാററിയാലും ചെയ്യേണ്ടിവരിക. ചെല്ലുന്ന രാജ്യത്തെ ഭാഷ പഠിക്കണം എന്നർത്ഥം. അതിന് ഏറിയാൽ ആറുമാസമേ വേണ്ടൂ. ലുമുമ്പാ സർവ്വകലാശാലയിൽ അതാണ് ചെയ്യുന്നത്.

4 ഇക്കഴിഞ്ഞ ഇരുനൂറുവർഷമായി ഇംഗ്ലീഷുമാദ്ധ്യമത്തിലൂടെ നാം വിദ്യാഭ്യാസം തുടരുന്നു. എന്നിട്ടും വർഷംതോറും പഠിച്ചവരുടെ തൊഴിലില്ലായ്മ വർദ്ധിച്ചുവന്നിട്ടേയുള്ളൂ. വിദ്യാഭ്യാസമാദ്ധ്യമവും തൊഴിലവസരവും തമ്മിൽ ഒരു ബന്ധവുമില്ല. തൊഴിലും സാമ്പത്തികാസൂത്രണവും തമ്മിലാണു ബന്ധം. ആകെ ഉണ്ടാവുന്ന തൊഴിൽത്തുറകൾ ഇംഗ്ലീഷിൽ വൈദഗ്ദ്ധ്യം നേടിയവർക്കായി മാത്രം നീക്കിവയ്ക്കണം എന്നാണ് ഈ വാദംകൊണ്ടുദ്ദേശിക്കുന്നതെങ്കിൽ അതു നടപ്പുള്ള കാര്യമല്ല. ബിഹാറിൽ ടെലിപ്രിൻറർ സർവ്വീസുവരെ ബിഹാറികളുടെ മാതൃഭാഷയിൽ ആക്കിക്കഴിഞ്ഞു. കേരളത്തിൽ ഇന്ന് ഇംഗ്ലീഷ് പഠിച്ചുപോകുന്നവർക്ക് ഉദ്യോഗം കിട്ടാൻ പാകത്തിൽ ബിഹാർ അതെല്ലാം ഇംഗ്ലീഷിൽ നടത്തിയിരിക്കണം എന്നാണ് പ്രതീക്ഷയെങ്കിൽ കേരളീയർ വിഡ്ഢികളുടെ സ്വർഗ്ഗത്തിൽ ജീവിക്കുന്നു എന്നേ ഉത്തരമുള്ളൂ. വിദ്യാഭ്യാസരംഗത്തിൽ മററു സ്റ്റെയിററുകൾ വളരെ പിന്നോക്കമായിരുന്നപ്പോൾ അവിടെയെല്ലാം ഉദ്യോഗത്തിൻെറ കൊയ്ത്തു നടത്താൻ നമുക്കു കഴിഞ്ഞിരുന്നു. ഇന്നതല്ല സ്ഥിതി. ആ സ്റ്റെയിററുകളും വിദ്യാസമ്പന്നമായിത്തുടങ്ങിയിരിക്കുന്നു. ഇതു മാദ്ധ്യമവുമായി ബന്ധപ്പെട്ട കാര്യമല്ലെന്നു നമ്മുടെ വിദ്യാർത്ഥിവിഭാഗമെങ്കിലും മനസ്സിലാക്കണം. വെള്ളം ചേർക്കാത്ത ഇംഗ്ലീഷിലൂടെ തലവേദനക്കു ചികിൽസിക്കാൻ പഠിച്ച എം. ബി. ബി. എസ്സ്. ഡോക്ടർമാർ ദുബായിൽ ചികിൽസിക്കാൻ പോകുന്നത് ദുബായിക്കാരൻ കമ്പോണ്ടരുടെ കീഴ്ഉദ്യോഗസ്ഥനായിട്ടാണ്. ഇംഗ്ലീഷല്ല വൈദ്യശാസ്ത്രമാണവർക്കാവശ്യം. ഇംഗ്ലീഷിനുപകരം അറബിഭാഷ പഠിച്ചാൽ കൂടുതൽ വിദഗ്ദ്ധമായി കൈകാര്യം ചെയ്യാം. ഇംഗ്ലീഷിലൂടെ എം. എസ്സ്. സി. പഠിച്ചു പാസ്സായ വിദ്യാർത്ഥി ബോംബേയിലെ സോപ്പുകമ്പനിയിൽ ക്ലാർക്ക് ആയിപ്പോകുന്നെങ്കിൽ ശാസ്ത്രപഠനത്തിൻെറ മാദ്ധ്യമമല്ല കുഴപ്പക്കാരൻ. തൊഴിലും തൊഴിലില്ലായ്മയും സാമ്പത്തികവികസനവുമായി ബന്ധപ്പെട്ടതാണെന്നും 'എ' യ്ക്കു കിട്ടുന്ന ജോലി 'ബി'യ്ക്കു തട്ടിയെടുക്കുവാൻ മാദ്ധ്യമം സഹായിച്ചേക്കാമെന്നല്ലാതെ തൊഴിലവസരമുണ്ടാക്കാൻ മാദ്ധ്യമം സഹായിക്കില്ല എന്നും ഉള്ള കാര്യം ആവർത്തിച്ചു പറഞ്ഞുകൊള്ളട്ടെ. □

# KOTHARI COMMISSION ON MEDIUM OF EDUCATION

The development of the modern Indian languages is inextricably linked with the importance given to them in the educational system, specially at the university stage. The medium selected should enable students to acquire knowledge with facility, to express themselves with clarity and to think with precision and vigour. From this point of view, the claims of the mother-tongue are pre-eminent. About thirty years ago, delivering the convocation address of the Calcutta University, Rabindra Nath Tagore had expressed his views in this matter in no uncertain terms:

In no country in the world, except India, is to be seen this divorce of the language of education from the language of the pupil. Full hundred years have not elapsed since Japan took its initiation into Western culture. At the outset she had to take recourse to textbooks written in foreign languages. but from the very first, her objective had been to arrive at the stage of ranging freely over the subjects of study in the language of the country. It was because Japan had recognized the need of such studies, not as an ornament for a select section of her citizens. but for giving power and culture to all of them, that she deemed it to be of prime importance to make them universally available to her people. And in this effort of Japan to gain proficiency in the Western arts and sciences, which was to give her the means of self-defence against the predatory cupidity of foreign powers to qu.lify her to take an honoured place in the comity of nations. no trouble or expense was spared. Least of all was there the miserly folly of keeping such learning out of easy reach, within the confines of a foreign language.

Learning through a foreign medium compels the students to concentrate on cramming instead of mastering the subject matter. Moreover, as a matter of sound educational policy, the medium of education in school and higher education should generally be the same. Prior to 1937, the position was atleast consistent. English was the medium both in the upper stages of school and college education. As we have rightly adopted the regional languages as the media of education at the school stage, it follows that we should adopt them increasingly at the higher stage also

This proposal has also been supported

strongly as a measure to promote social and national integration. The Emotional Integration Committee was of the view that the use of regional languages as media of education from the lowest to the highest stage of education was a matter of 'profound importance for national integration'. This was supported by the National Integration Council (June 1962) which said:

> The change in the medium of instruction is justified not so much by cultural or political sentiments as on the very important academic consideration of facilitating grasp and understanding of the subject matter. Further, India's university men will be unable to make their maximum possible contribution to the advancement of learning generally, and science and technology in particular, unless there is a continuous means of communication in the shape of the regional languages between its masses, its artisans and technicians and its university men The development of the talent latent in the country will also, in the view of the Council, be retarded unless regional languages are employed as media of instruction at the university stage.

**We generally agree with these observations.**

It has been sometimes argued that there should be a single medium of education at the universitys tage-English for the time being, to be ultimately replaced by Hindi--on the ground that it would promote mobility of teachers and students from one part of the country to another, provide for easy communication between academic and professional men and administrators, further intellectual co-operation amongst the universities and help in other ways in developing a corporate intellectual life in the country. We are inclined to think, on a balance of considerations, that this solutions is not feasible. In practice, it will probably mean the indefinite continuance of English as the only medium of higher education, a development that we cannot support in the larger interests of the country. The adoption of Hindi as a common medium of education in all parts of India is not possible for some years to come and in non-Hindi areas it will still have some of the disadvantages associated with the use of a foreign medium and is likely to be resisted. It would, therefore, be unwise to strive to reverse the present trend for the adoption of the regional languages as media of education at the university stage and to insist on the use of a common medium in higher education throughout the country.

To sum up:

(1) We are convinced of the advantages of education through the regional

languages. We regard the development of regional languages as vital to the general progress of the country, and as an important step towards the improvement of quality in education. To avoid any misunderstanding we would emphasize that this does not mean the shutting out of English, or other world languages. In fact we will profit from these languaegs all the more when our education becomes more effective and useful.

(2) In view of the importance of the problem, we suggest the UGC and the universities carefully work out a feasible programme suitable for each university or group of universities The change-over should take place as early as possible, and, in any case, within about ten years, since the problem will only become more complex and difficult with the passage of time. A large programme of producing the needed literature in the indian languages will have to be undertaken, and adequate arrangements will have to be made for the training and re-training of teachers.

(3) What is required is to formulate a clear policy, to express it in unambiguous terms, and to follow itup with firm, bold and imaginative action. We should avoid a policy of drift which will only be harmful. Nor should we get involved in the vicious circle of 'no production because no demand' and 'no demand because no production'.

(4) We recognize that suitable safe guards would have to devised, in the transitional stage, to prevent any lowering of standards during the process of change-over because of inadequate preparation. In fact the desirability and success of the change should be judged in terms of the contribution it makes to raising the quality of education. But caution should not be equated with delay or procrastination. It is meaningful only if it is part of a policy of determined, deliberate and vigorous action.

---

## വിദ്യാഭ്യാസ മാധ്യമത്തെപ്പററി

ഗാന്ധിജി

വൈദേശിക മാധ്യമം ബുദ്ധിപരമായ ജാഡ്യം വരുത്തിവച്ചു. നമ്മുടെ കുട്ടികൾ അർഹിക്കാത്ത ഒരു ഭാരം അവരുടെ സിരകൾക്കു നൽകി. അവരെ വെറും മനഃപാഠം ചെയ്യുന്നവരും അനുകർത്താക്കളും ആക്കി; സ്വന്തമായ ഒരു പ്രവർത്തനമോ ചിന്തയോ അവർക്കാവില്ലെന്ന സ്ഥിതിയായി; സ്വന്തം വിജ്ഞാനത്തെ ഗൃഹവലയത്തിലേയ്ക്കും ജനങ്ങളിലേയ്ക്കും പകർന്നുകൊടുക്കാൻ കഴിയാത്തവരുമാക്കിത്തീർത്തു. ഈ വൈദേശിക മാധ്യമം യുവാക്കളെ അവരുടെ നാട്ടിൽ തന്നെ വൈദേശികരാക്കി മാററി. നിലവിലുള്ള സമ്പ്രദായത്തിന്റെ കടുത്ത ദുരന്തമതാണ് നമ്മുടെ പ്രാദേശിക ഭാഷകളുടെ വളർച്ചയെ വൈദേശിക മാധ്യമം തടസ്സപ്പെടുത്തുകയും ചെയ്തു. എനിക്ക് സർവ്വശക്തമായ അധികാരം ഉണ്ടായിരുന്നെങ്കിൽ ഒരു വൈദേശിക മാധ്യമത്തിലൂടെ കുട്ടികൾക്കു വിദ്യാഭ്യാസം നൽകുന്നതിനെ നിറുത്തിക്കളയുകയും, ഉടനേ തന്നെ ഒരു മാററം ഉണ്ടാക്കുന്നതിനു വേണ്ടി പ്രൊഫസറൻമാരേയും അദ്ധ്യാപകരേയും പിരിച്ചു വിട്ടു വിഷമിപ്പിക്കുകയും ചെയ്യുമായിരുന്നു. പാഠപുസ്തകങ്ങൾ തയാറാവുന്നതിനുവേണ്ടി ഞാൻ കാത്തിരിക്കുമായിരുന്നില്ല. അവ മാററത്തിനനുസരണമായിത്തീർന്നു കൊള്ളും. സമഗ്രമായ ഒരു പരിഹാരം ഉണ്ടാക്കേണ്ട വിപത്താണ് ഇന്നുള്ളത്.

# കോളേജദ്ധ്യാപകരെ അവഹേളിക്കുന്ന ശമ്പള പരിഷ്കാരം

> എ. കെ. പി. സി. ടി. എ. ജനറൽ സെക്രട്ടറിയുടെ "സംസ്ഥാന ശമ്പള പരിഷ്കരണവും യു. ജി. സി. സ്കെയിലുകളും" എന്ന ലഘുലേഖയിൽനിന്നു.

## സംസ്ഥാന ശമ്പള പരിഷ്കാരം നടപ്പായാൽ ?

മുൻകാല പ്രാബല്യത്തോടെ യു. ജി. സി. സ്കെയിലുകളും (Rs. 700–40-1100–50 –1300–Assessment–50-1600) കേന്ദ്രനിരക്കിലുള്ള ഡി എ. യും ആവശ്യപ്പെടുന്ന കോളേജ് അദ്ധ്യാപകർക്കു് അനുവദിച്ചിരിക്കുന്ന സംസ്ഥാന സ്ക്കെയിലുകൾ താഴെ ചേർത്തിരിക്കുന്നവയാണ്:

| | Designation of post | Existing Scale of Pay Rs | Revised Scale of Pay Rs |
|---|---|---|---|
| 1. | Principal | 1050-50-1450–50/2–1550 | 1300-60-1600–75–1900 |
| 2. | Professor Grade I | 850–50–1350–50/2-1450– | 1125-60-1725 |
| 3. | Professor Grade II (Principal, Junior College) | 710-40-750-50-1050–50/2–1200 | 910-40–950–50–1550 |
| 4. * | Professor Grade II in Physical Education | 710–40–750-50–1050–50/2–1200 | 700–25-800–30–890–35–1030–40 1270 |
| 5. | Lecturer | 510–25–635–30–695-35–835-40-875-40/2–995 | 700-25-800-30-890–35–1030–40–1270 |
| 6. * | Lecturer in Physical Education | 510-25-635-30–695-35–835-40-875–40/2–995 | 535–18-625–20–825–25–950 |
| 7. | Junior Lecturer | 345–13–385–14-400-15–505–15-/2–580 | 470–16–550–18–730–20–830 |

"* The Posts of Professor Grade II in Physical Education and Lecturer in Physical Education will be redesignated as Physical Education Directors Grade I and Grade II respectively. Physical Education Director Grade II on completion of 15 years of service will be eligible for Grade I The existing incumbents in Grade I and Grade II posts will be eligible for the revised scales of pay of Rs. 910-1550 and Rs. 700-1270 respectively as personal.

ശമ്പള നിരക്കുകളുടെ ഘടനയെക്കുറിച്ചും മററും ശമ്പളപരിഷ്കരണ ഉത്തരവിൽ പറഞ്ഞിരിക്കുന്നതു നോക്കുക:–

"A. Scales of pay.

(i) Structure of the revised scales of pay ..................................... in the revised scales, the element of D. A. admissible for the 12 monthly average of the cost of living index at 272 points (1960=100) i. e., the rate D. A. admissible to the employees for the peroid prior to 1–9–1975 has been emerged .................... In the existing scales, biennial increments are allowed at the last stages of each scale. This system has been dispensed with and in the revised scales, there will be only annual increments, except in the highest scale.....................

*        *        *

(iv) Incremental rates:–

In the revised scales, the incremental rates have been generally improved ......... The maximum increment in the existing scale is Rs. 50 with the exception of the annual increment of Rs. 125 in the scale of pay of Selection Grade District Judges.........In the revised scales, the maximum annual increment is fixed at Rs 75 ..........

*        *        *

(v) Formula for fixation of pay.

The principle of weightage based on number of years of total service will be adopted. The scale of weightage is as follows.

a) One advance increment to those who have put in a total service of Ten years and above but below twenty years.

b) Two advance increments to those who have put in a total service of Twenty years and above. In either case, the monetery effect of weightage will be limited to a ceiling of Rs. 50

The existing pay plus D. A. for 272 points appropriate to that pay will be reckoned as emoluments for purpose of fixing pay in the revised scale. If the emoluments, including weightage, if any, admisible, is a stage in the revised scale, pay will be fixed at that stage and if it is not a stage, pay will be fixed at the next stage. While fixing pay in the revised scale, each employee shall be ensured a minimum increase of Rs. 25 Irrespective of whether weightage is admissible or not.............."

Dearness Allowance, House rent Allowance എന്നിവയെക്കുറിച്ചുള്ള pay rivision order–ലെ പ്രസക്ത ഭാഗങ്ങളും നോക്കുക.

"B. Allowances and other additions to pay.

(i) Dearness allowance ......... "The present rates of Central D. A. are 3½% of pay subject to a maximum of Rs. 10/– for those drawing pay up to Rs. 300 and 2½% of pay subject to a minimum of Rs. 10/– and a maximum of Rs. 20/- for those drawing pay above Rs. 300/- for every 8 point increase in cost of living index beyond 272 points. Since the revised scales of pay are inclusive of D. A. admissible at 272 points, the percentage of D. A. allowed by the Government of India in relation to their pay scales,.........cannot be adopted as such. Revised rates of D. A. for the increase in the cost of living index

beyond 272 points. will be at the following rates:–

| Pay | D. A for every 8 point increase in the cost of living index beyond 272 points |
|---|---|
| Upto Rs. 400 in the revsied scale | 2½% of pay |
| Above Rs. 400 | 2% of pay subject to a minimum of Rs. 10 and a maximum of Rs. 20. |

* * *

....... .... the revised rates of D. A. from the date of revision of pay scales will be as follows:

| | |
|---|---|
| Pay up to and including Rs. 400 | 15% of pay |
| Pay from Rs. 401 to 1000 (inclusive) | 12% of pay subject to a minimum of Rs. 60 |
| Pay from Rs. 1001 to 2250 (inclusive) | Rs. 120 |

(ii) House rent Allowance:

The revised rates of HRA applicable to the state employees will be as follows

| | Rate per mensum |
|---|---|
| a) Employees working with in the limits of the city corporations of Trivandrum, Cochin and Calicut | 8% of pay subject to a maximum of Rs. 50 |
| (b) Employees working at other places like Municipal towns, Taluk head quarters, etc., where House Rent Allowance is now admissible. | 6% of pay subject to a maximum of Rs. 30 |
| (c) All other places | Rs. 10 |

* * *

സർക്കാരിന്റെ ശമ്പളപരിഷ്കാരം നടപ്പിലായാൽ, 700 രൂപയിൽ തുടങ്ങുന്ന യു. ജി. സി. സ്കെയിലുകളും കേന്ദ്രനിരക്കിലുള്ള ഡി. എ. (42% എങ്കിലും) യും ലഭിക്കേണ്ടവർക്കു് (new recruits) 470 രൂപയിൽ തുടങ്ങുന്ന സ്കെയിലും വെറും 12 ശതമാനം ഡി. എ. യുമാണു് ലഭിക്കുവാൻ പോകുന്നതു്. കോളേജദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം ഇന്നും ആകർഷകമായവ യു. ജി. സി. സ്കെയിലുകൾ തന്നെ. 1–1–1973–നു മുമ്പു് ലഭിച്ചിരുന്ന ഡി. എ., ഇടക്കാലാശ്വാസം എന്നിവയും അടിസ്ഥാനശമ്പളത്തിന്റെ 5 ശതമാനവും അടിസ്ഥാനശമ്പളത്തിൽ ചേർത്താണു് യു. ജി. സി. നിരക്കുകളിൽ എത്തുക. ഫിക്സേഷൻ ഫോർമുലായുടെ പ്രസക്ത ഭാഗങ്ങൾ ചേർത്തിരിക്കുന്നതു് നോക്കുക

"The initial pay in the revised scales shall be fixed in the following manner.

* * *

(a) an amount representing 5% of the basic pay subject to a minimum of Rs 15/– and a maximum of Rs. 50/– shall be added to the existing emoluments of the teacher Explanation I: " Existing Emoluments" means Basic pay plus Dearness pay plus Dearness Allowance plus Interim Relief, if any, sanctioned

during 1–3–1970 and 1–1–1973 and not any other allowance.

*　　　*　　　*

(b) after the existing emoluments have been increased and computed as specified in clause (a) the pay shall be fixed in the revised scale at the stage equal to the amount so computed or if there is no such stage in the revised scale, at the next stage above the amount so calculated.

........................................................''

യു. ജി. സി. സ്കെയിലുകളുമായി ബന്ധപ്പെട്ട ഒരു പ്രധാനപ്പെട്ട വസ്തുത എടുത്തുപറയേണ്ടിയിരിക്കുന്നു. 1–1–1973നു ശേഷം അനുവദിക്കപ്പെട്ടിട്ടുള്ള മൊത്തം ഡി. എ. സ്കെയിലുകളിൽ മേൽ പറഞ്ഞ രീതിയിൽ നിർണ്ണയിക്കപ്പെട്ട അടിസ്ഥാനശമ്പളത്തിനു പുറമെ, ലഭിക്കുവാൻ അദ്ധ്യാപകർക്ക് അർഹതയുണ്ടെന്നതാണ് ആ വസ്തുത. ഡി. എ. നൽകേണ്ട ബാദ്ധ്യത സംസ്ഥാന സർക്കാരിന്റേതാണ്. അങ്ങിനെ വരുമ്പോൾ 1973–ൽ സർവീസിൽ പ്രവേശിച്ച ഒരദ്ധ്യാപകന് യു. ജി. സി. സ്കെയിലുകൾ നടപ്പാക്കിയേടങ്ങളിൽ ഇപ്പോൾ ലഭിക്കുന്നത് 900 രൂപയും കുറഞ്ഞത് 42 ശതമാനം ഡി. എ. യുമാണ്. ഇന്നു സർവീസിൽ പ്രവേശിക്കുന്ന ഒരാളിന് 700 രൂപായും 42 ശതമാനം ഡി എ. യും ലഭിക്കും.

നാം ഉന്നയിച്ചിരുന്ന മററു പല ആവശ്യങ്ങളും കമ്മീഷൻ തള്ളിക്കളഞ്ഞു. ജൂണിയർ ലക്ചറർ തസ്തിക നിർത്തൽ ചെയ്യണമെന്നും അദ്ധ്യാപകരുടെ ട്യൂട്ടർ, ഡെമോൺസ്ട്രേറർ, ജൂണിയർ ലക്ചറർ സർവീസ് നോൺ കേഡർ പ്രൊഫസ്സർ പ്രൊമോഷന് കണക്കിലെടുക്കണമെന്നും നാം ആവശ്യപ്പെട്ടിരുന്നു. കമ്മീഷന്റെ കൽപ്പന നോക്കുക. ''The request that the post of Junior Lecturer may be abolished and candidates directly recruited as Lecturers is not recommended'' ട്യൂട്ടർ, ഡെമോൺസ്ട്രേറർ, ജൂണിയർ ലക്ചറർ സർവീസ് പ്രൊമോഷന് കണക്കാക്കണമെന്ന ആവശ്യത്തെക്കുറിച്ച് കമ്മീഷൻ ഒന്നുംതന്നെ പറഞ്ഞിട്ടില്ല. പക്ഷെ പ്രൊമോഷന് 15 വർഷത്തെ സർവീസ് എന്നതു കുറക്കാൻ പററില്ലെന്നു കമ്മീഷൻ പറഞ്ഞിട്ടുണ്ട്. നോൺ കേഡർ ഒന്നാം ഗ്രേഡ് പ്രൊഫസ്സർഷിപ്പ് creation ശുപാർശ ചെയ്യാനും പററില്ലെന്നു കമ്മീഷൻ അഭിപ്രായപ്പെട്ടിരിക്കുന്നു.

ജൂണിയർ ലക്ചറർ തസ്തിക നിലനിൽക്കട്ടെ എന്ന് കമ്മീഷൻ വെറുതെ അങ്ങു പറഞ്ഞതല്ല. വളരെ ആലോചിച്ചു തന്നെ പറഞ്ഞതാണ്. ശുപാർശകൾ സമർപ്പിക്കുന്നതിനു മുമ്പായി കമ്മീഷൻ തയ്യാറാക്കി സർവീസ് സംഘടനകൾക്ക് അയച്ചുകൊടുത്ത Questionaire-ൽ Promotion prospects സംബന്ധിച്ച ഒരു ചോദ്യമുണ്ട്. അതിവിടെ ഉദ്ധരിക്കുന്നു.

''Promotion prospects.

10 As a general principle, an Employee should get at least two promotions with in a normal period of service of 30 years. This can be uniformly ensured by prescribing a scheme of promotions, after a fixed number of years of service, as is now allowed to school teachers and college teachers.

Would you consider this as a modest and reasonable proposition which should apply to all categories of posts''?

ഓരോ ജീവനക്കാരനും മൊത്തം സർവീസിനുള്ളിൽ രണ്ടു പ്രൊമോഷൻ ലഭിക്കത്തക്ക തരത്തിലുള്ള "promotion scheme" ഉണ്ടായിരിക്കണമെന്നതായിരുന്നു കമ്മീഷന്റെ അഭിപ്രായമെന്ന് കേട്ടിരുന്നു. അപ്പോൾ നമുക്ക് ഒരു ചോദ്യം ചോദിക്കാനുണ്ട്. ഇന്നു സർവീസിലുള്ള എല്ലാ അദ്ധ്യാപകർക്കും സർ സർവീസിൽനിന്നു പിരിയുന്നതിനുമുമ്പ് രണ്ടു പ്രൊമോഷനുകൾ ലഭിക്കുമോ? 70 ശതമാനത്തിൽ കൂടുതൽ പേർക്ക് രണ്ടു പ്രമോഷനു

കൾ കിട്ടില്ലെന്നതാണ് വസ്തുത. കാരണം അവർ ലക്ചറർ തസ്തികയിൽ നിയമിക്കപ്പെട്ടവരാണ്. 1970 അടുപ്പിച്ച് ജൂണിയർ ലക്ചററായി നിയമനം ലഭിച്ച ഒരു ന്യൂനപക്ഷത്തിന് മാത്രമേ രണ്ടു പ്രൊമോഷനുകൾ ലഭിക്കുകയുള്ളു. കൂടുതൽപേർക്ക് മി. ചന്ദ്രഭാനുവിന്റെ സ്കീം പ്രകാരം രണ്ടു പ്രൊമോഷനുകൾ ലഭിക്കുന്നു എന്നു വരുത്തുവാൻ വേണ്ടിയാണ് ജൂണിയർ ലക്ചറർ തസ്തിക നിലനിർത്തുന്നതെന്നു കരുതേണ്ടിയിരിക്കുന്നു. പക്ഷെ, ജൂണിയർ ലക്ചറർ സർവീസ് യഥാർത്ഥത്തിൽ സർവീസല്ല അത് നോൺ കാഡർ പ്രൊഫസ്സർ പ്രൊമോഷന് കണക്കാക്കില്ല. കുറഞ്ഞ ഒരു തുക, സ്റ്റൈപ്പന്റ് നൽകുന്നതുപോലെ, നൽകി പരിശീലനം നൽകുന്നതു പോലെയേ ഉള്ളു. ഡോക്ടർമാരുടെ ഹൗസ് സർജൻസി പീര്യേഡ് സർവീസായി കണക്കാക്കാറില്ലല്ലോ

നോൺ കാഡർ ഒന്നാംഗ്രേഡ് പ്രൊഫസ്സർ പ്രൊമോഷൻ അനുവദിക്കാത്തതിനാൽ മുമ്പു പറഞ്ഞ 70 ശതമാനത്തിന് മൊത്തം സർവീസിൽ ഒററ പ്രൊമോഷനെ സാധാരണഗതിയിൽ ലഭിക്കുകയുള്ളൂ —അതായതു 1550 രൂപായുടെ അടിസ്ഥാനശമ്പളത്തിനപ്പുറം പോകാൻ പററില്ല. പോലീസ്, ഡവലപ്പ്മെൻറ്, വനം എന്നീ വകുപ്പുകളിൽ ഗ്രേയ്ഡുകൾ നൽകാൻ ശുപാർശ ചെയ്ത കമ്മീഷൻ തന്നെയാണ് കോളേജദ്ധ്യാപകർക്ക്, രണ്ടു പ്രൊമോഷനുകൾ എല്ലാംപേർക്കും ലഭിക്കുന്നതിനായെങ്കിലും, നോൺ കാഡർ ഒന്നാംഗ്രേഡ് പ്രൊഫസ്സർ സ്ഥാനം നൽകാതിരിക്കുന്നതെന്ന് പ്രത്യേകം പറയേണ്ടിയിരിക്കുന്നു. കമ്മീഷൻ ശുപാർശകളെല്ലാം അപ്പടി അംഗീകരിച്ച് അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കൽപ്പന പുറപ്പെടുവിച്ചിരിക്കുകയാണ്. ശുപാർശകൾ നീതിക്കു നിരക്കുന്നതാണോ എന്നു പരിശോധിക്കാൻപോലും ഓർഡർ പാസ്സാക്കുന്നതിനുമുമ്പ് സർക്കാർ മുതിർന്നിട്ടില്ലെന്നുതോന്നുന്നു.

## ‘കമ്മീഷൻ’ റിപ്പോർട്ടിനെപ്പററി

സർക്കാർ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കാൻ നിയമിതമായ ചന്ദ്രഭാനുകമ്മീഷന്റെ റിപ്പോർട്ട് യാതൊരു ഭേദഗതിയും വരുത്താതെ സർക്കാർ ഏകപക്ഷീയമായി അംഗീകരിച്ചിരിക്കുന്നു. ദീർഘകാലത്തെ പ്രവർത്തനത്തിനു ശേഷം സമർപ്പിച്ച ഈ റിപ്പോർട്ട് നടപ്പിലാക്കുന്നതിനു മുമ്പായി ജീവനക്കാരുടെ പ്രതിനിധികളുമായി ഫലപ്രദമായ ചർച്ച നടത്തണമെന്ന ആവശ്യം സർക്കാർ പാടെ നിരാകരിച്ചു കൊണ്ടാണ് ശമ്പള പരിഷ്കരണം പ്രഖ്യാപിച്ചിട്ടുള്ളത്. ഈ കമ്മീഷന്റെ നിയമനത്തിലും, പ്രവർത്തന സമ്പ്രദായത്തിലും അതിന്റെ ഉൽഭവം മുതൽ ശക്തമായ അഭിപ്രായ വ്യത്യാസം ജീവനക്കാർ രേഖപ്പെടുത്തിയിട്ടുള്ളതാണ്.

x x x x x

അഞ്ചു വർഷക്കാലത്തേക്കുള്ളതാണെന്ന് സർക്കാർ സ്വയം പ്രഖ്യാപിച്ച ഈ ശമ്പള നിരക്കുകൾ, പഴയ നിലയിൽ നിന്നും എന്തെങ്കിലും പുരോഗതി നേടിയിട്ടുണ്ടോ? പഴയ നിരക്കിൽ ക്ഷാമബത്തയുടെ ഒരു ഭാഗവും ചേർത്ത് ഊതി വീർപ്പിച്ച ശമ്പള സ്കെയിലുകൾ നിലവിലുള്ള വേതന ഘടനയിൽ ഒരിഞ്ചു പോലും മുന്നോട്ടു നീങ്ങിയിട്ടില്ല. ക്ലാസ് IV ജീവനക്കാർക്ക് ഇന്നു ലഭിക്കുന്ന 196 രൂപയിൽ 71 രൂപ ക്ഷാമബത്തയും ചേർത്താൽ 267 രൂപയായി: 13 രൂപകൂട്ടി 280 എന്ന പുതിയ ശമ്പളസ്കെയിലാക്കുന്നു. 230 രൂപ ശമ്പളം ലഭിക്കുന്ന ഒരു ലോവർ ഡിവിഷൻ ക്ലാർക്കിന്റെ ശമ്പളത്തിൽ 83 രൂപ ക്ഷാമബത്തയും ചേർത്ത് 17 രൂപ വ്യത്യാസത്തിൽ 330 രൂപയുടെ പുതിയ ശമ്പളനിരക്കുണ്ടായിരിക്കുന്നു. അപ്പർ ഡിവിഷൻ ക്ലാർക്കിന്റെ 275 രൂപ അടിസ്ഥാനശമ്പളത്തിൽ 99 രൂപ ക്ഷാമബത്ത ലയിപ്പിച്ചാൽ 374 രൂപയായി. ഇവിടെ 16 രൂപകൂട്ടി 390 രൂപയുടെ പുതിയ സ്കെയിലാക്കിയിരിക്കുന്നു.

x x x x x

സംസ്ഥാന ജീവനക്കാർ 1946 മുതൽ കേന്ദ്രക്ഷാമബത്താ എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചാണ് നിരവധി പ്രക്ഷോഭണങ്ങറം നടത്തിയത്. 1967 ലെ അഖിലേന്ത്യാ വ്യാപകമായ പണിമുടക്കുസമരം ഇതിന്നുദാഹരണമാണ്. 1967 ലെ ഇ. എം. എസ്. ഗവണ്മെൻറാണ് ആദ്യമായി സർക്കാർ ജീവനക്കാർക്ക് കേന്ദ്രനിരക്കിൽ ക്ഷാമബത്ത അനുവദിച്ചത്. അടിയന്തിരാവസ്ഥക്കാലത്ത് ക്ഷാമബത്താ നിരക്കിൽ ഏകപക്ഷീയമായി കുറവുവരുത്തി. ഈ ശമ്പളപരിഷ്കരണത്തോടെ കേന്ദ്രക്ഷാമബത്താ ഫോർമുല തന്നെ വലിച്ചു ചീന്തപ്പെട്ടിരിക്കുന്നു. നിലവിലുള്ള അർഹതപ്പെട്ട ക്ഷാമബത്ത 15% ൽ നിന്നും 12% മായും 21% ൽ നിന്നു 15% മായും വെട്ടിക്കുറയ്ക്കപ്പെട്ടിരിക്കുന്നു. 8 പോയിൻറു വർദ്ധനവിന് കേന്ദ്രസർക്കാർ ഇന്നനുവദിക്കുന്ന 3 ഉം 2½ യും ശതമാനം ക്ഷാമബത്ത കേരളത്തിൽ 2½ യും 2 ഉം ശതമാനമായി വെട്ടിക്കുറച്ചിരിക്കുന്നു. ശമ്പളത്തിൽ ക്ഷാമബത്തയുടെ ഒരുഭാഗം ലയിച്ചുവെന്ന വാദം നിലനിൽക്കത്തക്കതല്ല. ഇലക്ട്രിസിററി ബോർഡ്, ഫിനാൻഷ്യൽ എൻറർപ്രൈസസ്, ഫിനാൻഷ്യൽ കോർപ്പറേഷൻ മുതലായ മേഖലകളിൽ ക്ഷാമബത്തയുടെ ഒരു ഭാഗം ശമ്പളത്തിൽ ലയിപ്പിച്ചതിനുശേഷം അംഗീകരിച്ച ക്ഷാമബത്താ ഫോർമുല കൂടുതൽ പുരോഗമനപരമാണെന്നു കാണും. ഇലക്ട്രിസിററിബോർഡിൽ 1090 പോയിൻറിനുമേൽ ഓരോ പോയിൻറിനും 26 പൈസ നിരക്കിൽ പുതിയ ക്ഷാമബത്ത ലഭിക്കും. മുമ്പ് അത് പോയിൻറിന് 22 പൈസ മാത്രമായിരുന്നു.

x x x x

ഏതൊരു ശമ്പളപരിഷ്കരണ റിപ്പോർട്ടിലും, വേതനക്കരാറുകളിലും നിലവിലുള്ള ജീവനക്കാരുടെ സേവനകാലം പരിഗണിക്കാനും, ആനുകൂല്യങ്ങറം അനുവദിക്കാനും 'വെയിറേറജ്'' നൽകുക പരമപ്രധാനമാണ്. കഴിഞ്ഞ കാലഘട്ടങ്ങളിലെല്ലാം സർക്കാർ ജീവനക്കാർക്ക് 7 വർഷത്തിന് ഒന്ന് എന്ന നിലയിൽ 3 വെയ്റേറജുകളെങ്കിലും ലഭിച്ചിരുന്നു. ഇലക്ട്രിസിററി ബോർഡിൽ 5 വർഷത്തിന് ഒന്നും, 9 വർഷത്തിന് രണ്ടും വെയ്റേറജുകറം നൽകുന്നു. ഫിനാൻഷ്യൽ എൻറർപ്രൈസസ്, ഫിനാൻഷ്യൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ അഞ്ചുവർഷത്തിനും വെയ്റേറജുകറം നൽകുന്നു. ഇവിടെ പത്തു വർഷത്തിനു നിജപ്പെടുത്തിയ വെയ്റേറജ് പരമാവധി 2 മാത്രമാണ് ലഭിക്കുന്നത്.

(എൻ. ജി. ഒ. യൂണിയൻ സെക്രട്ടറിയുടെ പ്രസ്താവനയിൽ നിന്ന്)

## പ്രീഡിഗ്രി ബോർഡ് ?

നിലവിലുള്ള പ്രശ്നങ്ങറം പരിഹരിക്കാനല്ല പുതിയ പ്രശ്നങ്ങറം സൃഷ്ടിച്ച് കുഴപ്പം വർദ്ധിപ്പിക്കാനാണ് കേരള സർക്കാരിനാഗ്രഹം എന്നു തോന്നുന്നു. പ്രീഡിഗ്രിയ്ക്ക് ഒരു പ്രത്യേക ബോർഡ് രൂപീകരിക്കാനുള്ള നീക്കം തന്നെ ഉദാഹരണം. പ്രൊഫഷണൽ കോളേജുകളിൽ വിദ്യാർത്ഥികളുടെ പ്രവേശനത്തിന് ഇന്നുണ്ടാകുന്ന ബുദ്ധിമുട്ടുകറം പരിഹരിക്കാനായി പ്രീഡിഗ്രി കോഴ്സ് അപ്പാടെ സർക്കാരിൻെറ നിയന്ത്രണത്തിൽ കൊണ്ടുവരികയാണ് ലക്ഷ്യം. പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിന് ഇന്നുള്ള ബുദ്ധിമുട്ട്, കേരള-കാലിക്കട്ട് സർവകലാശാലകളുടെ പ്രീഡിഗ്രി സിലബസ്സും പരീക്ഷാസമ്പ്രദായവും ഏകീകരിക്കുന്നതിലൂടെ പരിഹരിക്കാവുന്നതേയുള്ളൂ. ബോർഡ് ഓഫ് സ്ററഡീസിനുതന്നെ ഇതിനൊരു പരിഹാരം കണ്ടെത്താൻ കഴിയും. എന്നിരിക്കെ, വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ യാതൊരു മാററവും വരുത്താത്ത ഈ 'ബോർഡ്'' പരിഷ്കാരം എന്തിനാണ്? സർക്കാരിന് ചില കണക്കു കൂട്ടലുകളൊക്കെയുമുണ്ട് എന്നതു വ്യക്തം: അധ്യാപകരുടെയും മററു ജീവനക്കാരുടേയും മുകളിൽ പുതിയ കുറെ 'യജമാന'ൻമാരെ പ്രതിഷ്ഠിക്കാം. (വൈസ്ചാൻസിലറുടെ പദവിയിലുള്ള ഒരു ബോർഡ് ചെയർമാനെയാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്). അധ്യാപകരെ ഡിഗ്രിക്കു പഠിപ്പിക്കുന്നവരെന്നും പ്രീഡിഗ്രി

# പാർലമെൻറിനു മുമ്പിൽ പ്രകടനം

കഴിഞ്ഞ പാർലമെൻറു സമ്മേളനത്തിൽ അവതരിപ്പിച്ച 'Hospitals and Educational Institutions Bill' പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വരുന്ന എപ്രിൽ 23 ന് പാർലമെൻറിനുമുമ്പിൽ പ്രകടനം നടത്താൻ ഐഫക്ടോ (AIFUCTO) തീരുമാനിച്ചിരിക്കുന്നു. തൊഴിലാളിവിരുദ്ധമായ വ്യവസായ ബന്ധ ബില്ലിൻെറ മാതൃകയിൽ തയാറാക്കിയിട്ടുള്ള ഈ ബില്ല് കോളേജ്യാപകരുടെ യൂണിയൻ പ്രവർത്തനത്തെ നിഷേധിക്കുന്ന ഒന്നാണ്.

ഈ പ്രശ്നത്തോടൊപ്പം കോളേജധ്യാപകർക്കു് ദേശീയ വേതനനയം നടപ്പാക്കുക, സേവന വ്യവസ്ഥ ഉറപ്പു ചെയ്യുക. യു. ജി. സി. യിൽ അധ്യാപക പ്രതിനിധികളെ ഉൾപ്പെടുത്തുക എന്നീ ആവശ്യങ്ങളും ഐഫക്ടോ ഉന്നയിച്ചിട്ടുണ്ട്.

---

## കേരളത്തിലെ അധ്യാപക-സർവ്വീസ് സംഘടനകൾ ആവശ്യപ്പെടുന്നു

1. ആവശ്യാധിഷ്ഠിത മിനിമംവേതനതത്വം അംഗീകരിക്കുക.
2. സംസ്ഥാന ജീവനക്കാർക്ക് സമാനമേഖലകളിലെ മിനിമം സാമ്പത്തിക ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുക.
3. ക്ഷാമബത്തയ്ക്കു നിലവിലുള്ള ദേശീയതത്വം കേരളത്തിലും നിലനിറുത്തുക.
4. പ്രമോഷൻസാദ്ധ്യതകൾ വർദ്ധിപ്പിക്കുകയും സംസ്ഥാനജീവനക്കാർക്ക് പ്രമോഷൻസാദ്ധ്യതകൾ കുറവായ മേഖലകളിൽ ഓരോ 5 വർഷത്തിനും ഗ്രേഡനുവദിക്കുകയും ചെയ്യുക.
5. സ്കൂൾ അദ്ധ്യാപകരുടെ ഹയർഗ്രേഡ്, സീനിയർഗ്രേഡ് എന്നിവയുടെ കാലദൈർഘ്യം കുറയ്ക്കുക.
6. കോളേജ്-യൂണിവേഴ്സിററി അദ്ധ്യാപകർക്ക് യു ജി. സി. ശമ്പളനിരക്കുകൾ യൂ. ജി. സി. നിർദ്ദേശിച്ച തീയതി മുതൽ നടപ്പിലാക്കുക.
7. വെയ്റേറജിനു നീതിപൂർവ്വമായ മാനദണ്ഡം അംഗീകരിക്കുക.
8. നിലവിലുണ്ടായിരുന്ന ആനുകൂല്യങ്ങൾ നിലനിറുത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യുക.
9. സിററി കോമ്പൻസേററി അലവൻസ്, മെഡിക്കൽ അലവൻസ്, ലീവ് ട്രാവൽ ആനുകൂല്യങ്ങൾ, വിദ്യാഭ്യാസ അലവൻസ് തുടങ്ങിയവ അനുവദിക്കുക.
10. ബോണസ് അനുവദിക്കുക.
11. കെ. എസ്. ആർ–ലെ 14 A യും, കെ. ഈ. ആർ , യൂണിവേഴ്സിററി ആക്ട് എന്നിവയിലെ സമാനമായ ഭേദഗതി നിയമങ്ങളും റദ്ദാക്കുക.
12. പ്രതികാരനടപടികൾ റദ്ദ് ചെയ്യുക.
13. റൂംസ് റിവിഷൻകമ്മററി ശുപാർശകൾ അംഗീകരിച്ചു നടപ്പാക്കുക.

---

ക്കു പഠിപ്പിക്കുന്നവരെന്നും രണ്ടു തട്ടിലാക്കാം. യൂണിവേർസിററിയുടെ സ്വതന്ത്രപദവി വെട്ടിക്കുറയ്ക്കാം. —അങ്ങനെ പലതും.

കേന്ദ്ര സർക്കാർ '10+2+3' സമ്പ്രദായത്തെക്കുറിച്ചു തന്നെ പുനരാലോചന നടത്തുന്ന സന്ദർഭത്തിലാണ് കേരള സർക്കാർ ഈ പുതിയ പരിഷ്കാരവുമായി ഇറങ്ങിത്തിരിച്ചിരിക്കുന്നത്. ദൂരവ്യാപകമായ പല അപകടങ്ങളും പതിയിരിക്കുന്ന ഈ നീക്കം സർക്കാർ ഉപേക്ഷിക്കണമെന്ന് കേരള യൂണിവേർസിററി സെനററിൻെറ 6–1.79ൽ കൂടിയ യോഗം ഏകകണ്ഠമായി ആവശ്യപ്പെട്ടു. സെനററിലെ എ. കെ. പി. സി. ടി എ പ്രതിനിധികൾ, സർക്കാരിൻെറ അപകടകരമായ ഈ പോക്കിനെതിരെ ശക്തമായി വാദിച്ചു.

# Reconstitution of UGC soon: Chunder

Dr. P. C. Chunder, Union Education Minister, said that the Universities Grants Commission is being reconstituted soon.

Dr Chunder, who was addressing the students and teachers of the Utkal University, said the UGC, which received 50 per cent of the budget allocations of the Union Education Ministry, should be accountable to the Government, which, in turn, was accountable to the Parliament and the people.

But the UGC as constituted at present was "too much autonomy- conscious" and got upset when the Government raised the question of its accountability for the deficiencies in certain institutions of higher education leading to student unrest. This also led to the publication of press statements complaining of Government interference in the UGC, he added.

Dispelling the impression that the Government was interfering in the autonomy of the UGC, Dr. Chunder, however, said the Government had a "great weapon" in its hand under the law–it could issue policy directives to the UGC, which the latter was bound to obey.

Citing an example, the Minister said that in accordance with the policy directives of the Government, the UGC had recently revised its pattern of grants-in-aid, giving more emphasis to meeting the needs of backward and rural areas. The revised pattern of grants would enable many of small villages in backward areas to receive UGC assistance.

Denying that the Government was neglecting the expansion and development of higher education, Dr. Chunder said the Janata Government was only trying to correct the ,'distortions and imbalances" in the educational field on account of the wrong policy pursued in the past.

Speaking in the distortions in the educational field, Dr. Chunder said the number of universities in the country since independence had gone up from 17 to 109, and there were 5,000 colleges in some of the colleges, the strength of students was as low as 100 or 150, making them unenviable.

He said colleges had now become a status symbol, set up to boost a local leader irrespective of the need.

Dr. Chunder regretted that even universities were set up in memory of some Chief Minister or their fathers.

He said, about 23 crores of adults remained illiterate even after 31 years of ndependence, and 6.5 crores of children did not have the benefit of elementary education. Sixty percent of the school-going children dropped out at the end of the elementary stage.

To correct these distortions, the Minister said the Government had launched a massive adult education programme on Gandhi Jayanti Day to cover ten-crore adult illiterates within five years. A sum of Rs. 200 crores had been provided to implement the programme during the Sixth Plan as against Rs. 18 crores spent in the Fifth Plan period.

Dr. Chunder said there was no parallel to such a massive education programme in any democratic country.

# തമിഴ്നാട്ടിലെ സമരം

തമിഴ്നാട്ടിലെ കോളേജധ്യാപകർ ശക്തമായൊരു സമരത്തിൻെറ നടുവിലാണ്. പിരിച്ചുവിടൽ ഉൾപ്പെടെയുള്ള ഗുരുതരമായ പ്രശ്നങ്ങളെ ആണ് അവർ അഭിമുഖീകരിക്കുന്നത്. സേവനസ്ഥിരത, ഡയറക്ട് പേമെൻറ്, 10+2+3 യിലെ '+2' കോളേജുകളിൽത്തന്നെ നിലനിർത്തുക തുടങ്ങിയവയാണ് സമരത്തിനാധാരമായ പ്രധാന പ്രശ്നങ്ങരം. പ്രീയൂണിവേർസിററി കോഴ്സ് കോളേജിൽ നിർത്തലാക്കുന്നതിൻെറ പേരിൽ ധാരാളം അധ്യാപകരെ പിരിച്ചുവിട്ടിരിക്കയാണ്. ഇതിനെതിരെ സമരം ചെയ്ത അധ്യാപകരെ അറസ്ററുചെയ്ത് ജയിലിലടയ്ക്കുകയുണ്ടായി. സമരം തുടങ്ങി മൂന്നുദിവസത്തിനകം തന്നെ 70 വനിതകളുറംപ്പടെ 700 ൽ പ്പരം അധ്യാപകർ അറസ്ററുവരിച്ചു. കോളേജുകളെല്ലാം അടച്ചിട്ടിരിക്കുന്നു. പിരിച്ചുവിടപ്പെട്ട അധ്യാപകർ യൂണിവേർസിററിയുടെ മുമ്പിൽ സത്യാഗ്രഹം ആരംഭിച്ചിട്ടുണ്ട്.

MUTA, AUT, GCTA എന്നീ സംഘടനകരം ചേർന്ന സംയുക്ത സമരസമിതിയാണ് സമരം നയിക്കുന്നത്.

---

## വാർത്തകൾ

O കേരളത്തിൽ താമസിയാതെ ഏതാനും കോളേജുകരം 'ആട്ടോണമസ്' കോളേജുകളാക്കുമെന്ന് കേരളാ വിദ്യാഭ്യാസമന്ത്രി പറഞ്ഞിരിക്കുന്നു.

[ചില കോളേജുകരം നിക്ഷിപ്തതാല്പര്യങ്ങളുടെ കേന്ദ്രമാക്കാനാണ് ഈ നീക്കമെന്നും ഇത് ജനാധിപത്യവിരുദ്ധമാണെന്നും എ. കെ. പി. സി. ടി. എ. വർക്കിംഗ് കമ്മിററി പാസ്സാക്കിയ ഒരു പ്രതിഷേധപ്രമേയത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.]

O അടുത്തുതന്നെ നടക്കാൻ പോകുന്ന പ്രീഡിഗ്രി രണ്ടാംവർഷ പരീക്ഷയ്ക്ക് കേന്ദ്രീകൃത വാല്യുവേഷൻ ഏർപ്പെടുത്താൻ കേരളാ യൂണിവേഴ്സിററി തീരുമാനിച്ചിരിക്കുന്നു.

[തീരുമാനം നല്ലത്. പക്ഷേ യൂണിവേഴ്സിററി ഉണർന്നു പ്രവർത്തിച്ചില്ലെങ്കിൽ സംഗതികരം കുഴപ്പത്തിലാകും. കഴിഞ്ഞ മാർച്ചിൽ നടന്ന പരീക്ഷകളുടെ പേപ്പർ നോക്കിയതിനുള്ള പ്രതിഫലം ഇതുവരെയും നൽകാൻ കേരളാ യൂണിവേഴ്സിററിയ്ക്കു കഴിഞ്ഞിട്ടില്ല. കേന്ദ്രീകൃത വാല്യുവേഷനും, സാങ്കേതികത്വത്തിൻെറ നൂലാമാലകളിൽ കുരുങ്ങി അധ്യാപകരെ ബുദ്ധിമുട്ടിക്കുന്ന ഏർപ്പാടായി പരിണമിക്കാതിരുന്നാൽ നന്ന്.

## ലേഖനങ്ങൾ വാർത്തകൾ

എ കെ പി സി ടി എ ജേർണലിലേയ്ക്ക് വാർത്തകളും ലേഖനങ്ങളും എത്തിച്ചു തരണമെന്ന് ഓരോ അംഗത്തിനോടും അഭ്യർത്ഥിക്കുന്നു. ബ്രാഞ്ചുസെക്രട്ടറിമാരും ജില്ലാസെക്രട്ടറിമാരും ഇക്കാര്യം പ്രത്യേകം ഓർക്കുമല്ലോ. എത്തിക്കേണ്ട മേൽവിലാസം.

വി. എൻ. മുരളി, T C. 3/1380, കേശവദാസപുരം തിരുവനന്തപുരം-4.

# അധ്യാപകരും ജീവനക്കാരും പണിമുടക്കിലേക്ക്

അശാസ്ത്രീയമായ ശമ്പളപരിഷ്കരണ ഉത്തരവിൽ അടിസ്ഥാനപരമായ മാററം വരുത്തിക്കുന്നതിനും മററുമായി പണിമുടക്കുൾപെടെയുള്ള സമരപരിപാടികൾ സ്വീകരിക്കുവാൻ കഴിഞ്ഞ ദിവസം ചേർന്ന അധ്യാപക–സർവീസ് സംഘടനാസമരസമിതിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് തീരുമാനിച്ചു.

സ്കൂൾ–കോളേജധ്യാപകരടക്കമുള്ള സംസ്ഥാനത്തെ മുഴുവൻ ജീവനക്കാരെയും ബാധിക്കുന്ന പതിമൂന്ന് ആവശ്യങ്ങളാണ് സമരസമിതി ചർച്ച ചെയ്തംഗീകരിച്ചിട്ടുള്ളത്.

പ്രക്ഷോഭപരിപാടിയുടെ ഭാഗമായി ഫെബ്രുവരി 20–ന് റവന്യൂ ജില്ലാ സമരസമിതികളും ഫെബ്രുവരി 24–ന് മുമ്പ് താലൂക്ക് കമ്മററികളും രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഫെബ്രുവരി 25-ാം തീയതി കേരളത്തിലെ പതിനൊന്ന് റവന്യൂജില്ലകളിലും വമ്പിച്ച പ്രവർത്തക കൺവൻഷൻ നടത്തുന്നതാണ്. ഫെബ്രുവരി 28–ന് തിരുവനന്തപുരത്ത് സെക്രട്ടറിയററിന് മുമ്പിലും മററ് സ്ഥലങ്ങളിൽ ജില്ലാകേന്ദ്രങ്ങളിലും വമ്പിച്ച കൂട്ടധർണ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

സമരസമിതി ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന മെമ്മോറാണ്ടം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പണിമുടക്ക് തീയതി ഫെബ്രുവരി 27 ന് തിരുവനന്തപുരത്തു ചേരുന്ന സംസ്ഥാന സമരസമിതി എക്സിക്യൂട്ടീവ് തീരുമാനിക്കും.

സമരസമിതിയുടെ കൺവീനറായി ഡി ജി ടി എ ജനറൽ സെക്രട്ടറി കെ വി ദേവദാസിനെ തെരഞ്ഞെടുത്തു. യോഗത്തിൽ ടി വി അപ്പുണ്ണിനായർ (എൻ ജി ഒ അസോസിയേഷൻ) ഇ പത്മനാഭൻ (എൻ ജി ഒ യൂണിയൻ) എം ബാവ (എൻ ജി ഒ (ഫണ്ട്) കെ കരുണാകരൻപിള്ള (എൻ ജി ഒ അസോസിയേഷൻ). എസ് പരമേശ്വരൻനായർ (ജോയിൻറ് കൗൺസിൽ) എം. ബാലകൃഷ്ണൻ (എൻ. ജി. ഒ. സെൻറർ), എ പത്മനാഭൻനായർ (വില്ലേജ് സ്ററാഫ് അസോസിയേഷൻ). പ്രൊഫ. ആർ. ആർ. സി. നായർ (എ. കെ. പി. സി. ടി. എ) വി. കെ. ഗോപിനാഥൻ (കെ. പി. ടി. യു.) എന്നിവർ പങ്കെടുത്തു. ഗവൺമെൻറ് കോളേജ് അധ്യാപക സംഘടനാ പ്രസിഡൻറ് പ്രൊ: കെ. രാമചന്ദ്രൻ നായരെക്കൂടി എക്സിക്യൂട്ടീവിൽ ഉൾപ്പെടുത്തുകയുണ്ടായി.

കഴിഞ്ഞമാസം 21–ാം തീയതി എറണാകുളത്തുചേർന്ന 51 അധ്യാപക. സർവീസ് സംഘടനകൾ തെരഞ്ഞെടുത്ത എക്സിക്യൂട്ടീവിൽ സെക്രട്ടറിയററ്. യൂണിവേഴ്സിററി, പഞ്ചായത്ത്, മുനിസിപ്പാലിററി. നോൺ–ടീച്ചിങ്ങ് സ്ററാഫ്, സ്കൂൾ, കോളേജ് എന്നി മേഖലകളിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ ഓരോ പ്രതിനിധിയെവീതം ഉൾപ്പെടുത്തുന്നതാണ്. സംയുക്ത അധ്യാപകവേദിയുൾപ്പെടെയുള്ള അധ്യാപക സംഘടനകൾ സമരസമിതിയുമായി യോജിച്ച് മുന്നോട്ടുപോകുവാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

–0–

## New members of the UGC

The Union Government has re-constituted the University Grants Commission by appointing seven members for a period of three years.

The Seven new membets of the Commission are Dr. Amlesh Tripathi, Head of the Department of History, Calcutta University, Prof: C. V. Subramaniam, Senior Professor of Botany, Madras University, Smt. Usha Mehta, Professor of Political Sciences, Bombay University, Prof: Ramlal Parikh, Vice-chancellor, Gujarat Vidyapeeth, Dr. A. R. Kidwai, chairman of the Union Public Service Commission, Justice H. R. Khanna, Chairman, Law Commission and former judge of Supreme Court and Dr. Mrinai Miri, Department of Philosophy, North Eastern Hill University, Shillong.

The Government has made these appointments to the UGC Consequent to the expiry of the term of Seven members of the Commission.

# ആവശ്യങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ ജൂണിൽ പണിമുടക്ക്

കേരളത്തിലെ അധ്യാപക-സർവ്വീസ് സംഘടനകൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ സർക്കാർ അനുവദിക്കാത്തപക്ഷം അടുത്ത ജൂൺ മാസത്തിൽ അനിശ്ചിതകാല പണിമുടക്കു നടത്താൻ അധ്യാപക-സർവ്വീസ് സംഘടനകളുടെ സംയുക്ത സമരസമിതി തീരുമാനിച്ചിരിക്കുന്നു. ശമ്പള കമ്മീഷൻ ശുപാർശകളും അത് അംഗീകരിച്ചു നടപ്പാക്കിയ സർക്കാരിന്റെ സമീപനവും, വേതന-സേവന വ്യവസ്ഥകളിൽ ഉളവാക്കിയ മൗലികപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, സംഘടനാസ്വാതന്ത്ര്യത്തിനെതിരായുള്ള നിയമങ്ങൾ റദ്ദു ചെയ്യുവാനും കേരളത്തിലെ അധ്യാപക-സർവ്വീസ് സംഘടനകൾ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ സർക്കാർ ഈ കാര്യങ്ങൾ സംബന്ധിച്ച് സംഘടനകളുമായി ചർച്ച ചെയ്യുവാനും പരിഹാരം കാണാനും വേണ്ട സമീപനം സ്വീകരിക്കുന്നില്ല. മറിച്ച് തികച്ചും അപ്രസക്തമായ ചില കണക്കുകളും ന്യായങ്ങളും ഉദ്ധരിച്ചുകൊണ്ട് തെററിദ്ധരിപ്പിക്കുന്ന പ്രചാരവേലകൾ ആരംഭിച്ചിരിക്കുകയാണ്.

ജീവനക്കാരുമായി ചർച്ച ചെയ്യില്ല എന്ന നിഷേധാത്മക നയമാണ് സർക്കാർ തുടരുന്നതെങ്കിൽ പണിമുടക്കല്ലാതെ മററു മാർഗങ്ങളില്ല. മാർച്ച് 28 ന് നടന്ന കൂട്ടധർണ ജീവനക്കാരുടെ വ്യാപകമായ പ്രതിഷേധത്തിന്റെ ശക്തമായ പ്രകടനമായിരുന്നു. ചർച്ചകളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാരിന് ഇനിയും സമയമുണ്ട്. ഇതിലേക്ക് സർക്കാരിനെ നിർബന്ധിയ്ക്കാൻ '79 മാർച്ച് 20 ന് താലൂക്കുതലത്തിൽ ജീവനക്കാരുടെ കൂട്ടധർണ, ഏപ്രിൽ 5 ന് മൂന്നുലക്ഷം ജീവനക്കാരുടെ കൈയൊപ്പോടുകൂടിയ കൂട്ടനിവേദനം നിയമസഭയ്ക്കു നൽകൽ. യതുടങ്ങി പ്രക്ഷോഭപരിപാടികൾക്ക് സമരസമിതി രൂപം നൽകിയിട്ടുണ്ട്.

**Particulars of areas affected by floods/rains in Kerala (vide) Ministry of Finance Department of Expenditure O. M. No. F. 18 (2) – BII (a) / 78 dt. 27. 11. 1978.**

| Sl. No | District | Taluk |
|---|---|---|
| 1. | Trivandrum | Neyyattinkara, Trivandrum Nedumangad & Chirayinkil. |
| 2. | Quilon | Quilon, Karunagappally, Kunnathur, Pathanamthitta, Pathanapuram, Kottarakkara. |
| 3. | Alleppey | Karthikappally, Mavelikkara, Chengannor, Thiruvalla, Kuttanad, Ambalapuzha, Sherthallai. |
| 4. | Kottayam | Changanacherry, Kottayam, Kanjirappally, Meenachil, Vaikom. |
| 5. | Idukki | Peermadu, Udumbanchola, Devikulam, Thodupuzha. |
| 6. | Ernakulam | Cochin, Kanayannur, Kunnathunad, Alwaye, Parur, Muvattupuzha, Kothamangalam. |
| 7. | Trichur | Kodungallur, Mukundapuram, Trichur, Thalappally, Chowghat. |
| 8. | Malappuram | Ponnani, Thirur, Perintalmanna, Ernad. |
| 9. | Kozhikode | Koshikode, South Wynad, Quilandy, Badagara. |

akpcta journal



edited and printed by v. n. murali at anupama printers, trivandrum,
and published by t. gopalakrishnan, general secretary, akpcta.